**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **04-02-2026 - ൽ മറുപടിയ്ക്ക്**

**നാല്ല വർഷ ബിരുദ പ്രോഗ്രാമിലെ പരീക്ഷാ സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ നാല്ല വർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിൽ വരുത്തിയിട്ടുള്ള പ്രധാന പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നാല്ല വർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി നിരന്തര മൂല്യനിർണ്ണയത്തിന് (Continuous Evaluation) കൂടുതൽ പ്രാധാന്യം നൽകുന്ന രീതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. ആകെ മാർക്കിന്റെ 30%അസൈൻമെന്റുകൾ, സെമിനാറുകൾ എന്നിവ വഴി നൽകുന്നതിലൂടെ (ഇന്റേണൽ അസസ്മെന്റ്) പഠന കാലയളവിൽ ഉടനീളം വിദ്യാർത്ഥികളുടെ പ്രകടനം വിലയിരുത്തപ്പെടുന്നു.<br><br>അതോടൊപ്പം Continuous Internal Assessment രീതിയിലും സമഗ്രമായ മാറ്റമാണ് നടപ്പിലാക്കിയത്. ഓരോ കോഴ്സിലൂടെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട Outcome (ജ്ഞാനം, നൈപുണി, അഭിരുചി) എന്നിവയിൽ അധിഷ്ഠിതമായി കാമ്പസിന്റെയും വിദ്യാർത്ഥികളുടെയും സാഹചര്യമനുസരിച്ച് ഏറ്റവും അനുയോജ്യമായ മൂല്യനിർണയ രീതി തിരഞ്ഞെടുക്കാനുള്ള അധികാരം അദ്ധ്യാപകർക്ക് നൽകുകയും അതുവഴി ഓരോ കോഴ്സിലൂടെയും വിദ്യാർത്ഥി ആർജ്ജിക്കേണ്ട ഔട്ട്കം ആർജ്ജിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും സാധിക്കും.<br><br>കെ-റീപ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ പരീക്ഷാ രജിസ്ട്രേഷനും ഫലപ്രഖ്യാപനവും കൂടുതൽ വേഗത്തിലും സുതാര്യവുമാക്കി മാറ്റിയിട്ടുണ്ട്. പരീക്ഷ കഴിഞ്ഞ് ഒരാഴ്ച മുതൽ ഒരു മാസത്തിനുള്ളിൽ റിസൾട്ട് പ്രഖ്യാപിക്കാൻ സാധിക്കുന്നു. ഓരോ കോഴ്സിനും ലഭിക്കുന്ന ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിൽ (ABC) സൂക്ഷിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകൾ മാറുന്നതിനും (Academic Mobility) ഉപരിപഠനത്തിനും ഇത് വലിയ സൗകര്യമൊരുക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിരവധി തവണ യൂണിവേഴ്സിറ്റി തലത്തിലും കോളേജ് തലത്തിലും, കൂടാതെ ജില്ലാ അടിസ്ഥാനത്തിലും അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി തന്നെ പരിശീലന പരിപാടികൾ സർവ്വകലാശാലാതലത്തിൽ ആരംഭിച്ചിരുന്നു.<br><br>ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേരിട്ട് അക്കാദമിക് വിദഗ്ധരെ ഉപയോഗിച്ച് നടത്തിയ പരിശീലനത്തിൽ എല്ലാ സർവ്വകലാശാലകളിലെയും അധ്യാപകർക്കും അതാത് സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കുമായി നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഘടനയും ലക്ഷ്യവും, അതുപോലെ തന്നെ പാഠ്യപദ്ധതി നവീകരണവുമായി ബന്ധപ്പെട്ട "ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷൻ" ൽ ഊന്നിയുള്ള പരിശീലനവും നൽകപ്പെടുന്നു. നാലുവർഷ ബിരുദ പദ്ധതി നടപ്പിലാക്കിയതിന് ശേഷവും അധ്യാപകർക്കുള്ള പരിശീലന പരിപാടികൾ ഓരോ ഘട്ടത്തിലും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ നൽകിവരുന്നുണ്ട്. അദ്ധ്യാപകരുടേയും അനദ്ധ്യാപക ജീവനക്കാരുടേയും തുടർപരിശീലനം ഉന്നം വച്ച് സർക്കാർ സ്ഥാപിച്ച സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ആഗോളതലത്തിലെ പ്രധാന സർവകലാശാലകൾ പിന്തുടരുന്ന പരീക്ഷാ രീതികളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇവയിൽ അനുയോജ്യമായ പരീക്ഷാരീതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ പുരോഗമനപരമായ പരിഷ്കരണങ്ങൾക്കാവശ്യമായ ശിപാർശകൾ നൽകുന്നതിനായി സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെയും പരീക്ഷ പരിഷ്കരണ കമ്മീഷനെയും നിയോഗിച്ചിരുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട സർവകലാശാലകളിൽ നിലവിലുള്ള പരീക്ഷാ-മൂല്യ നിർണ്ണയ രീതികളെ വിശദമായി പരിഗണിച്ചുകൊണ്ടാണ് കമ്മീഷനുകൾ കേരളത്തിനനുയോജ്യമായ രീതിയിലുള്ള ശിപാർശകൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് നാലു വർഷ ബിരുദത്തിന്റെ ഭാഗമായി നൂതനമായ പരീക്ഷാ- മൂല്യ നിർണ്ണയ രീതികൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി ഓൺലൈൻ മൂല്യനിർണ്ണയം ഉൾപ്പെടെയുള്ള പരിഷ്ക്കാരങ്ങൾ സർവ്വകലാശാലകളിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ